III ഇ.ബി. XII-കേരള നിയമസഭ /V-6

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 ജൂൺ 28, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**I. ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ഉന്നയിക്കുകയും (*151, *152, *153, *154 &*155) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

**II. അടിയന്തിരപ്രമേയം**

കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സുഗമമായി നടക്കാത്തതുമൂലം കർഷകർ അനുഭവിക്കേണ്ടിവരുന്ന യാതനകൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. സി.എഫ്. തോമസും മറ്റ് നാല് അംഗങ്ങളും നൽകിയ അടിയന്തിര പ്രമേയ നോട്ടീസിന് കൃഷി വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

## III. ശ്രദ്ധ ക്ഷണിക്കൽ

(1) ഈയിടെ ഉണ്ടായ ചുഴലിക്കാറ്റുമൂലം വിളകൾക്കും സ്വത്തിനും ഉണ്ടായ നഷ്ടങ്ങളുടെ ഫലമായി നിലമ്പൂർ താലൂക്കിലെ കർഷകർ അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന കഷ്ടപ്പാടുകളിലേയ്ക്ക് ശ്രീ. ആര്യാടൻ മുഹമ്മദ് റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) മൽസ്യത്തൊഴിലാളികളും മറ്റ് അനുബന്ധ തൊഴിലാളികളും അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു പാക്കേജ് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. വി. സുരേന്ദ്രൻ പിള്ള ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## IV. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കാലവർഷംമൂലം സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## V. സബ്മിഷൻ

(1) വർക്കലയിലെ സ്വകാര്യ ധനകാര്യ സ്ഥാപനം പൂട്ടിയതിനെത്തുടർന്ന് നിക്ഷേപകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) കോഴിക്കോട് മുക്കം കെ.എം.സി.ടി. എഞ്ചിനീയറിംഗ് വിദ്യാർത്ഥിനി നയനയുടെ ആത്മഹത്യ സംബന്ധിച്ച് ശ്രീ. യു.സി. രാമൻ

ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയും മറുപടി നൽകി.

( ഇതേ വിഷയം സംബന്ധിച്ച് ശ്രീമതി കെ.കെ. ലതികയും സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.)

(3) തൃശ്ശൂർ ജില്ലയിൽ കൂടുതൽ പ്ലസ് ടു സ്ക്കൂളുകളും ബാച്ചുകളും അനുവദിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) നിറുത്തലാക്കിയ കള്ളുഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് ശ്രീ. എ.പി. അനിൽകുമാർ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(5) ആറ്റിങ്ങൽ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ സഞ്ചാരയോഗ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(6) ആറളം ഫാമിൽ ആദിവാസികളുടെ പുനരധിവാസ പദ്ധതി പൂർത്തിയാക്കുന്നത് സംബന്ധിച്ച് ശ്രീമതി കെ.കെ. ശൈലജ ടീച്ചർ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) കേരള സോപ്സ് ആന്റ് ഓയിൽസ് ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ. എ. പ്രദീപ് കുമാർ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(8) ചേർത്തല മണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നിറുത്തിവച്ചതുമൂലമുണ്ടായിട്ടുള്ള ഗതാഗത പ്രശ്നങ്ങൾ

സംബന്ധിച്ച് ശ്രീ. പി. തിലോത്തമൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി

(9) അന്തിക്കാട് ഗവൺമെന്റ് ആശുപത്രി സി.എച്ച്.സി. ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. മുരളി പെരുനെല്ലി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വിരലടയാളം നിർബന്ധമാക്കുന്നതിൽനിന്ന് വിദേശ മലയാളികളെ ഒഴിവാക്കുന്നത് സംബന്ധിച്ച് ശ്രീ. മഞ്ഞളാംകുഴി അലി ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

(11) റെയിൽവേ ചീഫ് എഞ്ചിനീയറുടെ ഓഫീസ് ചെന്നൈയിലേയ്ക്ക് മാറ്റിയത് സംബന്ധിച്ച് ശ്രീ. കെ.സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(ഇതേ വിഷയം സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. എ.എം. യൂസഫും സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.)

(12) കോടതി ഭാഷ മലയാളമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം. ഹംസ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(13) അടൂർ കെ.ഐ.പി. പുറമ്പോക്കിലെ താമസക്കാരെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

## VI. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII. ക്രമപ്രശ്നം

നിയമസഭാംഗങ്ങൾ നൽകുന്ന ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ലെന്നും വൈകികിട്ടുന്ന മറുപടികൾപോലും പലതും അവ്യക്തമാണെന്നും ചില ചോദ്യങ്ങൾക്ക് വിവരം ശേഖരിച്ചുവരുന്നു വെന്നുള്ള മറുപടിയാണ് ലഭിക്കുന്നതെന്നും ഇക്കാര്യത്തിൽ ചെയറിൽനിന്നും റൂളിംഗ് ഉണ്ടാകണമെന്നും ശ്രീ. സി.പി. മുഹമ്മദ് ക്രമപ്രശ്നം ഉന്നയിച്ചു.

പൊതുവെ ഉത്തരം യഥാസമയം ലഭിക്കുന്നില്ലെന്ന് പറഞ്ഞതിനോട് യോജിക്കുന്നുവെന്നും എന്നാൽ മറുപടി നൽകുന്ന കാര്യത്തിൽ ഇപ്പോൾ വലിയ പുരോഗതി ഉണ്ടായിട്ടുണ്ടെന്നും കുറവുകളുണ്ടെങ്കിൽ പരിശോധിക്കാമെന്നും ബഹുമാനപ്പെട്ട ചെയർകൂടി ഇക്കാര്യം പരിശോധിക്കേണ്ടതാണെന്നും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയും കൃത്യമായി മറുപടി കിട്ടുന്നില്ലെന്നുള്ളത് ശരിയല്ലെന്നും മറുപടിയിലുള്ള അഭിപ്രായവ്യത്യാസമാണ് ഇവിടെ പറഞ്ഞതെന്നും കയർ വകുപ്പുമായി ബന്ധപ്പെട്ട ഒരു ചോദ്യത്തിനുള്ള ഉത്തരം മാത്രമേ പെൻഡിംഗായിട്ടുള്ളു വെന്നും സഹകരണവും കയറും ദേവസ്വവും മന്ത്രിയും വിശദീകരിച്ചു.

നിയമസഭാംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ലെന്നുള്ള പരാതി പലപ്പോഴും ഉണ്ടാകാറുണ്ടെന്നും ഈ സഭാസമ്മേളനം തുടങ്ങി അഞ്ച് ദിവസത്തിനുള്ളിൽ 150 നക്ഷത്രചിഹ്നമിട്ടതും

1116 നക്ഷത്രചിഹ്നമിടാത്തതുമുൾപ്പെടെ 1266 ചോദ്യങ്ങൾ ലഭിച്ചതിൽ നക്ഷത്രചിഹ്നമിട്ട എല്ലാ ചോദ്യങ്ങൾക്കും യഥാസമയം മറുപടി ലഭിച്ചിട്ടുണ്ടെന്നും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 623 എണ്ണത്തിന് യഥാസമയവും 268 എണ്ണത്തിന് പിന്നീടുമാണ് മറുപടി ലഭിച്ചതെന്നും 225 ചോദ്യങ്ങൾക്ക് ഇനിയും മറുപടി ലഭിക്കാനുണ്ടെന്നും എന്നാൽ ഈ സ്ഥിതിവിശേഷം മാറേണ്ടതാണെന്നും യഥാസമയം വ്യക്തമായ ഉത്തരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

## VIII. ധനകാര്യം

2007-08 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 742,48,54,000 രൂപയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 228,29,62,000 രൂപയും അനുവദിക്കണമെന്ന പ്രമേയം ജലവിഭവ വകുപ്പുമന്ത്രിയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 32,20,97,000 രൂപയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 140,84,87,000 രൂപയും അനുവദിക്കണമെന്ന പ്രമേയം വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും അവതരിപ്പിക്കുകയും പ്രമേയങ്ങളെ നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. ബി. ബാബു പ്രസാദ്
2. ശ്രീ. വി. ശിവൻകുട്ടി
3. ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
4. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
5. പ്രൊഫ. എൻ. ജയരാജ്
6. ശ്രീ. കോവൂർ കുഞ്ഞുമോൻ
7. ശ്രീ. വി. സുരേന്ദ്രൻ പിള്ള
8. ശ്രീ. പി. സി. ജോർജ്
9. ശ്രീ. ടി. പി. കുഞ്ഞുണ്ണി
10. ശ്രീ. കെ. കെ. ഷാജു
11. ശ്രീ. മുരളി പെരുനെല്ലി
12. ശ്രീ. അൽഫോൺസ് കണ്ണന്താനം
13. ശ്രീ. കെ. അച്ചുതൻ
14. ശ്രീ. എസ്. രാജേന്ദ്രൻ
15. ശ്രീ. കെ. രാജു
16. ശ്രീ. കെ.വി. കുഞ്ഞിരാമൻ
17. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയ്ക്ക് ജലവിഭവ വകുപ്പുമന്ത്രിയും വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയും മറുപടി നൽകി.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കും അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുതിയോടെ പിൻവലിക്കപ്പെട്ടു.

ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കും അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും 29-നെതിരെ 83 വോട്ടുകളോടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥന 29-നെതിരെ 84 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX. അറിയിപ്പ്

തിരുവനന്തപുരത്ത് പ്രവർത്തിച്ചിരുന്ന സതേൺ റെയിൽവേ ചീഫ് എഞ്ചിനീയറുടെ ഓഫീസ് ചെന്നൈയിലേയ്ക്ക് മാറ്റിയ നടപടി റദ്ദ് ചെയ്തുകൊണ്ടുള്ള അറിയിപ്പ് റെയിൽവേ അധികൃതരിൽനിന്ന് ലഭിച്ചതായി

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി അറിയിച്ചു.

**X. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം**

ശ്രീ. കെ.സി. ജോസഫ് താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചു കൊണ്ട് സംസാരിച്ചു.

"സംസ്ഥാനത്ത് ഇക്കഴിഞ്ഞ ഒരു മാസക്കാലയളവിൽ നിരവധി യാളുകൾക്ക് പകർച്ചപ്പനി, ചിക്കുൻഗുനിയ, ഡെങ്കിപ്പനി മുതലായ രോഗങ്ങൾ പിടിപെടുകയും ഏതാനും പേർ മരിക്കുകയും ചെയ്തിരിക്കുകയാണ്. ഈ മാരക രോഗങ്ങളുടെ നിവാരണത്തിനും പ്രതിരോധത്തിനും ഫലപ്രദമായ അടിയന്തിര നടപടികളും മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ തുടർനടപടികളും ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ഈ സഭ ചർച്ച ചെയ്യണം."

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

(1) ശ്രീ. രാജു എബ്രഹാം

(2) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

(3) ശ്രീ. പി. തിലോത്തമൻ

(4) ശ്രീ. തോമസ് ചാഴികാടൻ

(5) ശ്രീ. വി. സുരേന്ദ്രൻ പിള്ള

(6) ശ്രീ. പി.സി. ജോർജ്

(7) ശ്രീ. എ.എ. അസീസ്

(8) ശ്രീ. അൽഫോൺസ് കണ്ണന്താനം

(9) ശ്രീ. വി.എൻ. വാസവൻ

(10) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

## XI. ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

“ ആരോഗ്യ രംഗത്ത് പ്രധാനമായ നേട്ടങ്ങൾ കൈവരിച്ച കേരളത്തിൽ തുടർച്ചയായി പകർച്ചപ്പനിയും ചിക്കുൻഗുനിയ തുടങ്ങിയ മാരക രോഗങ്ങളും ഉണ്ടാകുന്നത് കണക്കിലെടുത്ത് രോഗപ്രതിരോധ പ്രവർത്തനത്തിനും നിർമ്മാർജ്ജനത്തിനും സമഗ്രമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കണമെന്നും നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി ഫലപ്രദമായി നടപ്പിലാക്കണമെന്നും മാലിന്യ നിർമ്മാർജ്ജനത്തിനും പരിസര ശുചീകരണത്തിനും ത്രിതല പഞ്ചായത്തുകളുടെ പദ്ധതിയിൽ മുൻഗണന നൽകുവാൻ നടപടികൾ സ്വീകരിക്കണമെന്നും ഈ സഭ ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു.” എന്ന ഉപക്ഷേപം ശ്രീ. കെ.സി. ജോസഫും ‘കേരളത്തിൽ തുടർച്ചയായും വ്യാപകമായും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഡെങ്കിപ്പനി, മലേറിയ, എലിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ മാരക പകർച്ചവ്യാധികളിൽനിന്നും നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടത്തി ക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾ വിജയിപ്പിക്കുന്നതിനും “ മാലിന്യമുക്തവും

കൊതുക് വിമുക്തവുമായ കേരളം" എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ മുൻഗണന നൽകണമെന്നും ഇതിലേയ്ക്കായി മുഴുവൻ ബഹുജനങ്ങളും സജീവമായി രംഗത്തിറങ്ങണമെന്നും ഈ സഭ അഭ്യർത്ഥിക്കുന്നു. ഈ ലക്ഷ്യം നേടിയെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നൽകിവരുന്ന സഹായങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നതോടൊപ്പം തുടർന്നും സാമ്പത്തികവും മറ്റു വിധത്തിലുള്ളതുമായ സഹായങ്ങൾ നൽകി ഈ ഉദ്യമം വിജയിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ഈ സഭ ഐകകണ്ഠ്യേന അഭ്യർത്ഥിക്കുകയും ചെയ്യുന്നു.' എന്ന ഉപക്ഷേപം ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും അവതരിപ്പിച്ചു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം ഐകകണ്ഠ്യേന സഭ അംഗീകരിച്ചു.

ധനാഭ്യർത്ഥന ചർച്ചാ സമയത്ത് പ്രധാനപ്പെട്ട വിഷയങ്ങൾ ഭരണ-പ്രതിപക്ഷ കൂട്ടായ്മയിൽ അവതരിപ്പിക്കപ്പെടുന്നതും പാസ്സാക്കിയെടുക്കുന്നതും നല്ല പ്രവണതയെയാണ് കാണിക്കുന്നതെന്നും ചർച്ചയിൽ പങ്കെടുത്ത എല്ലാവരേയും അഭിനന്ദിക്കുന്നുവെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

2007 ജൂൺ മാസം 29-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.31 -ന് പിരിഞ്ഞു.